Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

**Press Release**

## MSMEs can tap TReDS platform to tide over working capital crunch: Minister P Rajeeve

**Thiruvananthapuram, Nov. 05:** Noting that Micro, Small and Medium Enterprises (MSME) sector has emerged as key segment of Kerala's industrial landscape, Minister for Industries, Law and Coir Shri P Rajeeve said promoters of such ventures can now tap TReDS platform to raise functional capital and avoid credit risk as receivables from marketed goods and services may take some time to reach their accounts.

Shri Rajeeve was inaugurating a workshop on leveraging TReDS (Trade Receivables Discounting Electronic System) organised by the Department of Industries and Commerce (DI&C) on the sidelines of Keraleeyam festival here.

TReDS is an electronic platform for facilitating the financing/ discounting of trade receivables for MSMEs through multiple sources.

Shri Rajeeve said TReDS has proved a reliable supportive mechanism that comes handy for MSMEs to tide over interim financial crunch and sustain their enterprises without running into liquidity crisis.

The Government has given permission for public sector enterprises, companies, local self government institutions and various state institutions to make use of TReDS. Already, a large number of ventures have registered themselves with TReDS and MSMEs especially should make use of this facility, the Minister said.

The state government has bolstered the MSME ecosystem in the state through path-breaking policy initiatives and projects which have yielded good results, he said.

Shri S Harikishore, Director, DI&C, said TReDS has already proved a helpful mechanism for MSMEs who often run into constraints due to delay in getting financial returns from the market for their products and services.

Executive Chairman of Board For Public Sector Transformation Shri K Ajith Kumar, KINFRA Managing Director Shri Santhosh Koshi Thomas, State Level Bankers Committee Kerala Division Manager Shri Prashanth, KSSIA state vice president Shri Fasiludeen, Additional Director of DIC Shri G Rajeev, M1 Exchange South Regional Head Shri Tirumaran Murukesan, RXIL Senior manager Shri Justin Jose and Invoice Mart Tamil Nadu and Kerala Regional Head Gouri Manwani spoke on various features of the system.

KSIDC
Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

**പത്രക്കുറിപ്പ്** **05.11.2023**

# എംഎസ്എംഇകളുടെ പ്രവർത്തന മൂലധന പ്രതിസന്ധി മറികടക്കാൻ ട്രെഡ്സ് സഹായകം: മന്ത്രി പി. രാജീവ്

തിരുവനന്തപുരം: സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ (എംഎസ്എംഇ) നേരിടുന്ന പ്രവർത്തന മൂലധന പ്രതിസന്ധി മറികടക്കാൻ കഴിയുന്ന സംവിധാനമാണ് ട്രെഡ്സ് (ടി ആർഇഡിഎസ്) എന്ന് വ്യവസായ മന്ത്രി പി.രാജീവ്. കേരളീയം പരിപാടിയുടെ ഭാഗമായി വ്യവസായ വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പുത്തരിക്കണ്ടം മൈതാനത്ത് നടന്ന ട്രെഡ്സ് ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

പൊതുമേഖലാ സ്ഥാപനങ്ങൾ, കമ്പനികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാരുമായി ബന്ധപ്പെടുന്ന വിവിധ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ട്രെഡ്സ് ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകി സർക്കാർ ഉത്തരവ് പുറത്തിറക്കിയിട്ടുണ്ട്. പുതിയ കാലത്തിന്റെ എംഎസ്എംഇകൾക്ക് മുന്നോട്ട് പോകുന്നതിൽ ഈ സംവിധാനം സഹായകമായിരിക്കും. നിരവധി സ്ഥാപനങ്ങൾ ഇതിനോടകം ട്രെഡ്സിൽ രജിസ്റ്റർ ചെയ്ത് കഴിഞ്ഞതായും മന്ത്രി പറഞ്ഞു. പരമാവധി എംഎസ്എംഇകൾക്ക് സഹായകമായ വിധത്തിൽ ഈ സംവിധാനം വിനിയോഗിക്കാൻ സാധിക്കുമെന്ന് മന്ത്രി കൂട്ടിച്ചേർത്തു.

എംഎസ്എംഇകളെ പരമാവധി നിലനിർത്തുന്നതിനുള്ള ഇക്കോസംവിധാനം സംസ്ഥാന സർക്കാർ ശക്തിപ്പെടുത്തി വരുന്നുണ്ട്. 1,40000 പുതിയ എംഎസ്എംഇകൾ കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഐടി സ്റ്റാർട്ടപ്പ്കൾക്ക് നൽകിക്കൊണ്ടിരുന്ന എല്ലാ സൗകര്യങ്ങളും ഐടി ഇതര സ്റ്റാർട്ടപ്പുകൾക്കും ലഭ്യമാക്കുന്നതായും മന്ത്രി പറഞ്ഞു. വൻകിട വ്യവസായത്തേക്കാൾ കൂടുതൽ സാധ്യതകളുള്ള കേരളത്തിലെ പ്രധാനപ്പെട്ട വ്യവസായ മേഖലയാണ് എംഎസ്എംഇകളെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

എംഎസ്എംഇകൾക്ക് കാലതാമസം കൂടാതെ പ്രവർത്തന മൂലധനം ലഭ്യമാക്കാൻ ട്രെഡ്സ് സഹായകമാകുമെന്ന് വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ എസ്.ഹരികിഷോർ പറഞ്ഞു. ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫർമേഷൻ എക്സിക്യൂട്ടീവ് ചെയർമാൻ കെ.അജിത്കുമാർ, കിൻഫ്ര മാനേജിംഗ് ഡയറക്ടർ സന്തോഷ് കോശി തോമസ്, എസ്എൽബിസി കേരള ഡിവിഷൻ മാനേജർ പ്രശാന്ത്, കെഎസ്എസ്ഐഎ സംസ്ഥാന വൈസ് പ്രസിഡന്റ് ഫസിലുദ്ദീൻ, വ്യവസായ വാണിജ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ ജി. രാജീവ്, എം1 എക്സ്ചേഞ്ച് സൗത്ത് റീജിയണൽ ഹെഡ് തിരുമാരൻ മുരുകേശൻ, ആർഎക്സ്ഐഎൽ സീനിയർ മാനേജർ ജസ്റ്റിൻ ജോസ്, ഇൻവോയ്സ്മാർട്ട് തമിഴ്നാട് ആൻഡ് കേരള റീജിയണൽ ഹെഡ് ഗൗരി മൻവാണി എന്നിവർ സംസാരിച്ചു.

വ്യാപാരത്തിൽ നിന്ന്  ലഭിക്കുന്ന തുക ലിക്വിഡ് ഫണ്ടുകളാക്കി മാറ്റുതിന് സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ നേരിടുന്ന തടസങ്ങൾ പരിഹരിക്കുന്നതിനായാണ് ട്രേഡ് റിസീവബിൾസ് ഡിസ്കൗണ്ടിംഗ് സിസ്റ്റം (ട്രെഡ്സ്) രൂപീകരിച്ചത്. കൃത്യസമയത്ത് സംരംഭകർക്ക് പണമിടപാട് നടത്തുന്നതിനും ക്രെഡിറ്റ് റിസ്ക് പരമാവധി കുറയ്ക്കുന്നതിനും ഈ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ സാധിക്കും.

……………………………………………………………………………………